# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1307.

06-03-2018 ൽ മറുപടിയ്ക്ക്

## കാർഷിക വൈദ്യുതി സബ്സിഡി

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ കാർഷിക വൈദ്യുതി സബ്സിഡി ഇനത്തിൽ കേരളത്തിൽ 2015 -16 മുതൽ 2017-18 വരെ വൈദ്യുതി വകുപ്പിന് നൽകിയ തുകയുടെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ; ഈയിനത്തിൽ ഏതൊക്കെ വിളകൾക്ക് നിലവിൽ സബ്സിഡി ലഭ്യമാക്കുന്നുണ്ട് ; | (എ) | കാർഷിക സൗജന്യ വൈദ്യുതി സബ്സിഡി ഇനത്തിൽ 2015-16 മുതൽ 2017-18 വരെ വൈദ്യുതി വകുപ്പിന് നല്കിയ തുകയുടെ ജില്ല തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്ക് 2 ഹെക്ടർ വരെയും കാർഷിക സൗജന്യ വൈദ്യുതി സർക്കാർ അനുവദിച്ച വരുന്നു. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നം.945/2015/എ.ഡി. തീയതി 25/05/2015 പ്രകാരം പോളി ഹൗസ് കൃഷിക്കും കാർഷിക സൗജന്യ പദ്ധതിയുടെ ആനുകൂല്യം 2015-16 വർഷം മുതൽ അനുവദിച്ച വരുന്നു. |
| (ബി) | സംസ്ഥാനത്ത് കർഷകർക്കായി സോളാർ പമ്പ് സെറ്റുകൾ സ്ഥാപിച്ച നല്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരത്തിൽ പമ്പുകൾ സ്ഥാപിച്ച നല്കിയാൽ പ്രതി വർഷം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാം എന്നതിന്റെ കണക്കുകൾ അറിയിക്കാമോ? | (ബി) | കർഷകർക്കായി സോളാർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (എസ്.എം.എ.എം) നിലവിലുണ്ട്. അതിൻ പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് 2 എച്ച്.പി. വരെയുള്ള പമ്പ് സെറ്റുകൾക്ക് 55,440/- രൂപയും 2 മുതൽ 5 എച്ച്.പി. വരെയുള്ള പമ്പ് സെറ്റുകൾക്ക് 47,520/- രൂപയും ഒരു എച്ച്.പി.ക്ക് എന്ന തോതിൽ സബ്സിഡി ലഭ്യമാണ്. സോളാർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാം എന്നത് സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | വർഷം (രൂപ ലക്ഷം) | | |
|---|---|---|---|
| | 2015-16 | 2016-17 | 2017-18 തുക വിനിയോഗിച്ച് വരുന്നത് |
| തിരുവനന്തപുരം | 35.45693 | 44.30198 | 40.00 |
| കൊല്ലം | 10.19947 | 10.50 | 10.00 |
| പത്തനംതിട്ട | 6.00 | 8.00 | 10.00 |
| ആലപ്പുഴ | 299.76331 | 310.00 | 350.00 |
| കോട്ടയം | 100.65 | 147.00 | 232.00 |
| ഇടുക്കി | 9.04393 | 210.00 | 27.00 |
| എറണാകുളം | 199.9732 | 210.00 | 175.00 |
| തൃശ്ശൂർ | 953.71461 | 1042.28539 | 950.00 |
| പാലക്കാട് | 1103.56945 | 1157.38056 | 950.00 |
| മലപ്പുറം | 212.47258 | 237.50 | 190.00 |
| കോഴിക്കോട് | 28.48414 | 24.69802 | 24.00 |
| വയനാട് | 14.99932 | 31.00 | 250.00 |
| കണ്ണൂർ | 34.35 | 40.00 | 45.00 |
| കാസർഗോഡ് | 210.00 | 220.00 | 190.00 |
| | **3218.67694** | **3492.666** | **3443.00** |

സെക്ഷൻ ഓഫീസർ